# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. **215** — 19.03.2015 - ൽ മറുപടിയ്ക്ക്

## ആയുഷ് വകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുവരെ രൂപീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | ഇല്ല. സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റും (ഐ.എം.ജി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പും നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | നടപ്പു സാമ്പത്തികവർഷം ആയുർവേദം, സമാന്തര ചികിത്സാ സംവിധാനങ്ങളുടെ അടിസ്ഥാന വികസനത്തിന് കേന്ദ്ര ആയുഷ് വകുപ്പ് അനുവദിച്ച തുക നഷ്ടപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര തുക കിട്ടിയെന്ന് വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ ആയുഷ് വകുപ്പിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ നാഷണൽ ആയുഷ് മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി സ്റ്റേറ്റ് ആയുഷ് സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. 2014-15 സാമ്പത്തിക വർഷത്തിലെ ആയുഷ് മിഷന്റെ പ്രവർത്തനത്തിലേയ്ക്കായി 955.39 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിക്കുകയും ആയതിൽ 950.064 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ ആയുഷ് വകുപ്പ് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത തുക ലഭ്യമായിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ആയുഷ് വകുപ്പ് എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ